LIBRARY ARCHIVES Kerala Legislative Assembly

കടിവെള്ളത്തിലെ വിഷാംശം

5 (*365) ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ കൂടുന്നതിനുള്ള മുഖ്യകാരണം കടിവെള്ളത്തിലെ വിഷാംശമാണെന്ന് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ലഭിച്ച റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കടിവെള്ളത്തിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യം കൂടുതലായിട്ടുള്ള മേഖലകൾ ഏതെല്ലാമാണെന്നാണ് ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കടിവെള്ളത്തിലെ രാസവസ്തുക്കളുടെ അനുവദനീയമായ അളവുകളെ സംബന്ധിച്ച് ഇൻഡ്യൻ ബ്യൂറോ ഓഫ് സ്റ്റാൻഡേർഡ്സിന്റെ വെളിപ്പെടുത്തലുകൾ എന്തെല്ലാം;

(ഡി) ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഇത്തരം ഒരു പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് 2012-ൽ പുറത്തിറക്കിയ 10500 രണ്ടാം ഭേദഗതി എന്ന സ്റ്റാൻഡേർഡ് പ്രകാരം കുടിവെള്ളത്തിലെ രാസവസ്തുക്കളുടെ അനുവദനീയമായ അളവുകൾ ചുവടെ ചേർക്കുന്നു:

രാസവസ്തുക്കളും സവിശേഷതകളും	അനുവദനീയമായ അളവ് [മില്ലിഗ്രാം/ലിറ്ററിൽ (ISO 10500-2012)രണ്ടാം ഭേദഗതിപ്രകാരം]
കാൽസിയം	75
ക്ലോറൈഡ്	250
ഫ്ലൂറൈഡ്	1.0
അയൺ	0.30
മഗ്നീഷ്യം	30
സൾഫേറ്റ്	200
നൈട്രേറ്റ്	45
ആകെ കാഠിന്യം	200
കാൽസ്യം കാർബണേറ്റ് അളവിൽ	
ആകെ ക്ഷാരഗുണം	200
ആകെ ലയിക്കപ്പെട്ട പദാർത്ഥങ്ങൾ	500
അവശിഷ്ട ക്ലോറിൻ	0.2
പി.എച്ച്. സൂചകം	(6.5-8.5)സൂചക നമ്പർ
നിറം	5(ഹേസൺ യൂണിറ്റ്)
മണം	ഹാനികരമല്ലാത്തത്
കലക്കൽ	1 (എൻ.ടി.യു. യൂണിറ്റിൽ)
രുചി	അഭിലഷണീയത
കോപ്പർ	0.05
ലെഡ്	0.01
സിങ്ക്	5
മാംഗനീസ്	0.10
അയണും മാംഗനീസും കൂടിയുള്ള ആകെ അളവ്	<or= 0.3

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലെങ്കിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. കേരളാ വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള ജലഗുണനിലവാര പരിശോധനാ ലബോറട്ടറികൾ കുടിവെള്ള സാമ്പിളുകൾ പരിശോധിച്ച് ഇൻഡ്യൻ സ്റ്റാൻഡേർഡ് 10500-2012 രണ്ടാം ഭേദഗതി നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉണ്ടോയെന്ന് ഉറപ്പുവരുത്തുകയും മാലിന്യം ഉള്ളവയുടെ വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുവരുന്നു.

ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതി

6 (*366) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിൾദാംശങ്ങൾ എന്തെല്ലാം?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കുറഞ്ഞവരുമാനമുള്ള ജീവനക്കാർക്കും തൊഴിലാളികൾക്കും അവരുടെ വരുമാനത്തിന് അനുയോജ്യമായ കുറഞ്ഞ നിർമ്മാണ ചെലവുള്ള വാസസ്ഥലം (ഫ്ലാറ്റ്) ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ജനനി. ഗവൺമെന്റിന്റെ സ്ഥലത്തോ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിൽ ബി.ഒ.ടി. (BOT)വ്യവസ്ഥയിലോ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്നത്. സർക്കാരിന്റെ 22-3-2013 തീയതിയിലെ ജി.ഒ. (എം.എസ്.)നമ്പർ 35/2013/തൊഴിൽ ഉത്തരവ് പ്രകാരം 1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 25 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഭവനം ഫൗണ്ടേഷൻ കേരള എന്ന കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly